"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

150 YEARS OF CELEBRATING THE MAHATMA

<u>സംഗ്രഹം</u>

പൊതുവിദ്യാഭ്യാസ വകുപ്പ് - പൊതുവിദ്യാഭ്യാസ വകുപ്പിന്റെ വെബ്സൈറ്റ് പരിഷ്ക്കരിക്കുന്നതുമായി ബന്ധപ്പെട്ട ചുമതലകൾ KITE (കേരള ഇൻഫ്രാസ്ട്രക്ചർ ആൻഡ് ടെക്നോളജി ഫോർ എഡ്യൂക്കേഷൻ) ന്റെ ടെക്നിക്കൽ വിംങ്ങിനെ ചുമതലപ്പെടുത്തി - തുടർ നിർദ്ദേശങ്ങൾ നൽകി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

പൊതുവിദ്യാഭ്യാസ(എസ്)വകുപ്പ്

സ.ഉ.(സാധാ) നം.4347/2021/പൊ.വി.വ തീയതി,തിരുവനന്തപുരം, 30/09/2021

---

പരാമർശം:- 1. KITE ന്റെ 10.01.2020 ലെ KITE/2020/1267(1) നം. കത്ത്.

2. 12.04.2021 ലെ എസ്1/134/2020/പൊവിവ നം. സർക്കാർ കത്ത്.

<u>ഉത്തരവ്</u>

പൊതുവിദ്യാഭ്യാസ വകുപ്പിന്റെ വെബ്സൈറ്റ് പരിഷ്ക്കരിക്കുന്നതുമായി ബന്ധപ്പെട്ട് KITE പരാമർശം (1) ശിപാർശ സമർപ്പിച്ചിരുന്നു. ഈ വിഷയത്തിൽ KITE ആവശ്യപ്പെട്ട പ്രകാരം പൊതുവിദ്യാഭ്യാസ വകുപ്പിലെ വിവരങ്ങൾ പരാമർശം (2) പ്രകാരം കൈമാറി നല്കിയിട്ടുണ്ട്.

2. സർക്കാർ ഇക്കാര്യം പരിശോധിച്ചു. പൊതുവിദ്യാഭ്യാസ വകുപ്പിന്റെ വെബ്സൈറ്റ് പരിഷ്ക്കരിക്കുന്നതുമായി ബന്ധപ്പെട്ട് ചുവടെപ്പറയുന്ന നടപടികൾക്കായി KITE നെ നിയോഗിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

3. പൊതുവിദ്യാഭ്യാസ വകുപ്പിലെ വിവിധ സെക്ഷനുകളിൽ നിന്നും പുറപ്പെടുവിക്കുന്ന സർക്കാർ ഉത്തരവുകൾ. സർക്കുലറുകൾ, മറ്റ് പ്രധാന വിവരങ്ങൾ, വകുപ്പിലെ ജീവനക്കാരുടെ പുതിയ നിയമനങ്ങൾ, പി.ഡി.എഫ് ഫോർമാറ്റിൽ, ബന്ധപ്പെട്ട സെക്ഷനുകൾ ഇ - മെയിൽ ചെയ്ത് നല്കുന്നതാണ്. ഔദ്യോഗിക വെബ്സൈറ്റിന്റെ ഡിസൈൻ, ലേ ഔട്ട്, ഉള്ളടക്കം തുടങ്ങിയവയുടെ പരിഷ്ക്കരണം KITE ന്റെ ടെക്നിക്കൽ വിംഗ് നിർവ്വഹിക്കേണ്ടതാണ്.

4. വിവരാവകാശ നിയമത്തിൽ നിഷ്കർഷിച്ചിട്ടുള്ള പ്രകാരമുള്ള എല്ലാ വിവരങ്ങളും ഉദ്യോഗസ്ഥരുടെ വിവരങ്ങളും വെബ്സൈറ്റിൽ അപ് ലോഡ് ചെയ്യേണ്ടതാണ്.

5. പൊതുവിദ്യാഭ്യാസ വകുപ്പിലെ വിവിധ സെക്ഷനുകളിൽ നിന്നും ഇ - മെയിൽ ചെയ്യുന്ന ഉത്തരവുകൾ. സർക്കുലറുകൾ, മറ്റ് പ്രധാന വിവരങ്ങൾ, ഇവ സമയബന്ധിതമായി വെബ്സൈറ്റിൽ അപ് ലോഡ് ചെയ്യേണ്ടതും കൃത്യത ഉറപ്പ് വരുത്തേണ്ടതുമാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ജ്യോതിലക്ഷ്മി എൽ
അണ്ടർ സെക്രട്ടറി

പകർപ്പ്

ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ, കേരള ഇൻഫ്രാസ്ട്രക്ചർ ആൻഡ് ടെക്നോളജി ഫോർ എഡ്യുക്കേഷൻ, പൂജപ്പുര. തിരുവനന്തപുരം.

പൊതുവിദ്യാഭ്യാസ ഡയറക്ടർ, തിരുവനന്തപുരം.

അക്കൗണ്ടന്റ് ജനറൽ(ആഡിറ്റ്)/(എ&ഇ), കേരള, തിരുവനന്തപുരം.

പൊതുവിദ്യാഭ്യാസ വകുപ്പിലെ എല്ലാ സെക്ഷനുകൾക്കും.

സ്റ്റോക്ക് ഫയൽ.

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ